**സപ്ലൈകോ ഹെഡ് ഓഫീസ്**
**ഗാന്ധിനഗർ**
**തീയതി :29.07.20**

**പത്രക്കുറിപ്പ്**

**ഓണക്കിറ്റ് – റിപ്പോർട്ടുകൾ സംബന്ധിച്ച്**

1. മലയാള മനോരമ ജൂലൈ 29 ന് പ്രസിദ്ധീകരിച്ച **"സർക്കാരിൻറെ ഓണക്കിറ്റിൽ സപ്ലൈകോയുടെ അഴിമതിയും"** എന്ന റിപ്പോർട്ട് പരിശോധിച്ചു.

2. സപ്ലൈകോ ജനറൽമാനേജർ , വിജിലൻസ് ഓഫീസർ , ഫിനാൻസ് അഡീഷണൽ ജനറൽ മാനേജർ എന്നിവരടങ്ങിയ സമിതി വാങ്ങൽ പ്രക്രിയ പരിശോധിച്ചതിൽ ചുരുങ്ങിയ സമയത്തിൽ ഗുണനിലവാരമുള്ള താഴെ പറയുന്ന ഇനങ്ങൾ നിലവിലെ സപ്ലൈകോ രജിസ്റ്റേഡ് സപ്ലൈയർമാരിൽ നിന്നും വാങ്ങാൻ നിശ്ചയിച്ച തീരുമാനം ഉണ്ടെന്നു കണ്ടു.

| **ഇ -ടെണ്ടർ ചെയ്യാനുള്ളത്** | അളവ് | നിരക്ക് |
|---|---|---|
| മുളകുപ്പൊടി | 6800,000 pkt | 17.00 |
| മല്ലിപ്പൊടി | 60,00,000pkt | 12.00 |
| മഞ്ഞൾപ്പൊടി | 71,00,000pkt | 13.50 |
| സാമ്പാർപ്പൊടി | 75,00,000pkt | 21.50 |
| വെളിച്ചെണ്ണ/ സൺഫ്ലവർ ഓയിൽ | 84,00,000pkt | 74.00 |

3.കോവിഡ് പശ്ചാത്തലത്തിൽ സ്റ്റോർ പർച്ചേയ്സ് നിബന്ധകൾ ലഘൂകരിക്കാൻ സർക്കാർ അനുവദിച്ചിരുന്നു.

4.എന്നാൽ സമയദൈർഘ്യം കുറച്ച് ഇ – ടെണ്ടർ വഴി ഈ ഇനങ്ങളുടെ കുറഞ്ഞ മാർക്കറ്റ്നിരക്ക് കൂടി ലഭ്യമാക്കിയതിനു ശേഷം മാത്രം വാങ്ങാൻ തീരുമാനിച്ചു.

5.നേരത്തെ തന്നെ താഴെ പറഞ്ഞ ഇനങ്ങൾ ഇ – ടെണ്ടറിൽ ലഭ്യമായിട്ടുണ്ട്.

| **ഇതിനകം ഇ– ടെണ്ടർ ചെയ്തത്** | **അളവ്** | **നിരക്ക്** |
|---|---|---|
| പഞ്ചസാര | 5150MT<br>5900MT | <br>30.07.20(ടെണ്ടർ തീയതി) |
| ചെറുപയർ/<br>വൻപയർ | 3763MT<br>1785MT | 76.68Rs<br>54.57Rs |
| ശർക്കര | 8800MT | ടെണ്ടർ നടക്കുന്നു |
| വെർമിസെല്ലി/പാലട | 60,00,000Pkt | ടെണ്ടർ നടക്കുന്നു |
| പപ്പടം | 88,00,000Pkt | ടെണ്ടർ നടക്കുന്നു |
| തുണിസഞ്ചി | 83,00,000 | ടെണ്ടർ നടക്കുന്നു |
| നുറുക്ക് ഗോതമ്പ് | 9780MT | FCI ൽ നിന്ന് വാങ്ങി നൽകി സപ്ലൈകോ അംഗീകൃത മില്ലുകളിൽ നുറുക്കി മാത്രം എടുക്കുന്നു |

6. ഇ – ടെണ്ടറിൽ ആവശ്യമായ അളവ് ഉൽപ്പന്നം ലഭ്യമല്ലായെങ്കിൽ പ്രസ്തുത മിച്ച അളവ് മാത്രം നിലവിലെ രജിസ്റ്റേഡ് കരാറുകാരിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്കിൽ വാങ്ങാനും നിശ്ചയിച്ചു.

7. താഴ്ന്ന നിരക്ക് ഇ – ടെണ്ടറിൽ സപ്ലൈകോയ്ക്ക് തന്ന ശേഷം നിശ്ചയിച്ച അളവിലും ഗുണത്തിലും ഉൽപന്നം നിശ്ചയിച്ച ഡിപ്പോയിൽ എത്തിച്ചില്ലെങ്കിൽ തൊട്ടുയർന്ന നിരക്കിൻറെ വ്യത്യാസം ബാങ്ക് ഗ്യാരൻറിയായി താഴ്ന്നനിരക്ക് നൽകിയ ആളിൽ നിന്നും ഇടാക്കും.

8. കുറഞ്ഞ നിരക്ക് നൽകി ഉത്പ്പന്നം എത്തിക്കാതെ കിറ്റ് വിതരണ ഉദ്യമത്തെ തടസ്സപ്പെടുത്താതിരിക്കാൻ ആണിത്. അളവും ഗുണവും പാലിച്ച് വിതരണം നടത്താത്തവരെ ചട്ടപ്രകാരം ബ്ലാക്ക് ലിസ്റ്റ് ചെയ്യാനും തീരുമാനിച്ചു.

**ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർക്കു വേണ്ടി**
**പബ്ലിക് റിലേഷൻസ് ഓഫീസർ**